# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പത്രസമ്മേളന കുറിപ്പ്
തിരുവനന്തപുരം - 2014 ജൂൺ 9

## വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുക
## കെ.എസ്.ടി.എ പ്രക്ഷോഭത്തിലേക്ക്

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാവുകയാണ്. പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ആത്മാർത്ഥമായ ശ്രമം നടത്തുന്നില്ല. സർക്കാർ അടിയന്തിരമായി ചർച്ചയ്ക്ക് തയ്യാറാവണം.

2013-14 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം 17000 ത്തോളം അധ്യാപകർ തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകുന്നത് ഗുരുതരമായ സാമൂഹിക പ്രശ്നമായി മാറും. പുറത്തുപോകുന്ന അധ്യാപകരെ സംരക്ഷിക്കണം. സർക്കാർ വിദ്യാലയങ്ങളിലുൾപ്പെടെ അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആയി കുറയ്ക്കാൻ സർക്കാർ തീരുമാനമെടുക്കണം. അധ്യാപകരെ നിലനിർത്താനാവശ്യമായ ക്രമീകരണങ്ങളേർപ്പെടുത്തണം. നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കെ.എസ്.ടി.എ തയ്യാറാണ്. തസ്തിക നഷ്ടപ്പെടുന്നവരെ അധ്യാപകബാങ്കിലുൾപ്പെടുത്തി മറ്റുജോലിക്ക് നിയോഗിക്കുന്നതിനോട് കെ.എസ്.ടി.എ യ്ക്ക് യോജിപ്പില്ല.

വിദ്യാഭ്യാസ മേഖലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തിരമായി നികത്തണം. ഹയർസെക്കന്ററി മേഖലയിൽ പ്രിൻസിപ്പാൾ പ്രമോഷൻ, ബൈട്രാൻസ്ഫർ എന്നിവ അനിശ്ചിതമായി നീട്ടികൊണ്ടുപോവുകയാണ്. നടപടികൾ കഴിഞ്ഞവർഷം ആരംഭിച്ചെങ്കിലും ഇതുവരെ പൂർത്തിയാകാത്തത് ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ കെടുകാര്യസ്ഥതയും നീതി നിഷേധിക്കലുമാണ്. ഹയർസെക്കന്ററി പ്രവൃത്തിദിനങ്ങൾ ആറിൽ നിന്നും അഞ്ചാക്കി കുറയ്ക്കാനെടുത്ത തീരുമാനം അടിയന്തിരമായി നടപ്പാക്കണം. ഇക്കാര്യമുന്നയിച്ച് മറ്റു അധ്യാപകസംഘടനകളുമായി ചേർന്ന് കെ.എസ്.ടി.എ പ്രക്ഷോഭം നടത്തും.

പാഠപുസ്തക വിതരണം ഇനിയും പൂർത്തിയായിട്ടില്ല. അധ്യാപക സഹായികൾ ഇതുവരെയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പാഠപുസ്തക വിതരണം മോണിറ്ററിംഗ് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം. പാഠ്യപദ്ധതിയിലും പാഠപുസ്തകത്തിലും വരുത്തിയ മാറ്റം ജനകീയ ചർച്ചയ്ക്കുവിധേയമാക്കണം. ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കാൻ കഴിഞ്ഞ വർഷമെടുത്ത തീരുമാനം ഉടൻ പ്രാബല്യത്തിൽ വരുത്തണം. പ്രധാനാധ്യാപകർക്ക് കിജന്റ് ചാർജ്ജ് അഡ്വാൻസായി നൽകണം.

എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള യൂണിഫോം വിതരണത്തെക്കുറിച്ച് സർക്കാർ ഇതുവരെയായിട്ടും തീരുമാനമെടുത്തിട്ടില്ല. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം കഴിഞ്ഞ വർഷത്തെ

യൂണിഫോം പല വിദ്യാലയങ്ങളിലും ലഭിച്ചിട്ടില്ല. യൂണിഫോം വിതരണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ജാഗ്രത വിദ്യാഭ്യാസ വകുപ്പ് കാണിക്കണം.

ആർ.എം.എസ്.എ, എസ്.എസ്.എ പദ്ധതികളുടെ പ്രവർത്തനം അഴിമതി വിമുക്തവും കാര്യക്ഷമമാക്കാനുള്ള ഇടപെടലുകൾ സർക്കാർ നടത്തണം. ആർ.എം.എസ്.എ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയങ്ങളിൽ ആവശ്യമായ തസ്തികകൾ അംഗീകരിച്ച് ശമ്പളം ലഭ്യമാക്കണം.

സർക്കാർ – എയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിനിടയാക്കുന്ന തരത്തിൽ സമാന്തര വിദ്യാഭ്യാസ മേഖലയെ പോഷിപ്പിക്കുന്ന നിലപാടുകൾ സ്വീകരിക്കരുത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ അടച്ചുപൂട്ടണം. അൺ–എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്ന നയം തിരുത്താൻ സർക്കാർ തയ്യാറാവണം. കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രത്യേക പാക്കേജ് സർക്കാർ തയ്യാറാക്കണം. കേരളത്തിലെ 160 വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് കെ.എസ്.ടി.എ നടത്തുന്ന നിറവ് വിദ്യാലയ വികസന പരിപാടി ഈ ജൂൺ മാസം മുതൽ ആരംഭിക്കും.

പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ടി.എ ശക്തമായ പ്രക്ഷോഭം നടത്തും. ആദ്യഘട്ടമായി ജൂൺ 12 ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിലേക്കും മറ്റുജില്ലകളിൽ ഡി.ഡി.ഇ ഓഫീസുകളിലേക്കും മാർച്ചും ധർണയും നടത്തും. തുടർന്ന് ജൂലൈ 5 ന് കാൽലക്ഷം അധ്യാപകരെ പങ്കെടുപ്പിച്ചുകൊ് സെക്രട്ടറിയേറ്റിലേക്കും ജില്ലാകേന്ദ്രങ്ങളിലേക്കും മാർച്ചും ധർണ്ണയും നടത്തും.